## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5250** **02-11-2021 - ൽ മറുപടിയ്ക്ക്**

## പഠനവണ്ടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 'ഗ്രാമവണ്ടി' പദ്ധതിപോലെ സംസ്ഥാനത്തെ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിലും കോളേജുകളിലും പി.ടി.എ.യുടെ സഹകരണത്തോടെ കെ.എസ്.ആർ.ടി.സി.യുടെ "പഠന വണ്ടി" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | കോവിഡ് മൂലമുള്ള പ്രത്യേക സാഹചര്യത്തിൽ വിവിധ സർക്കാർ / സ്വകാര്യ മേഖലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രത്യേക നിരക്കിൽ കൂടുതൽ യാത്രാ സൗകര്യം ഒരുക്കുന്നതിനായി പ്രത്യേക ബസ് സർവ്വീസ് ആവശ്യപ്പെട്ടാൽ ബസ് ഓൺ ഡിമാന്റ് (BOND) എന്ന പദ്ധതിയിൽപ്പെടുത്തി പ്രത്യേകമായി ബസ് നൽകുന്നതിന് സ്കൂൾ ബോണ്ട് / കോളേജ് ബോണ്ട് എന്ന പേരിൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. നിലവിലെ ബസ് ഓൺ ഡിമാന്റ് (BOND) സർവ്വീസിന്റെ മാതൃകയിലാണ്. ടി സർവ്വീസ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ആവശ്യകതയനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവയുടെ അടിസ്ഥാനത്തിൽ പ്രത്യേക നിരക്ക് ഏർപ്പെടുത്തി സ്കൂൾ അധികൃതരുമായി ധാരണ ഉണ്ടാക്കിയാണ് ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഒരു മാസത്തെ പ്രാഥമിക ഓപ്പറേറ്റിംഗ് ചെലവുകളുടെ തുക മുൻകൂർ അടയ്ക്കുന്ന സ്കൂളുകൾക്ക്/കോളേജുകൾക്ക് ദൈനംദിന ചാർജ്ജിന്റെ ടിക്കറ്റ് നൽകിയാണ് ബോണ്ട് സർവ്വീസുകൾ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളത്. കുട്ടികളെ സ്ഥാപനങ്ങൾ നിശ്ചയിക്കും. കെ.എസ്.ആർ.ടി.സി. ബസ്സിൽ ഡ്രൈവറും കണ്ടക്ടറും ഉണ്ടായിരിക്കും. ടി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർവ്വീസ് ആവശ്യമില്ലാത്ത സമയം ട്രിപ്പ് നടത്താൻ കഴിഞ്ഞാൽ അപ്രകാരം ജനോപകാരപ്രദമായി സർവ്വീസ് നടത്തി അധികമായി വരുന്ന ചെലവുകൾക്കുള്ള തുക സ്വരൂപിക്കുവാനും കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ